©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ഒക്ടോബർ 03
03rd October 2025
1201 കന്നി 17
17th Kanni 1201
1947 ആശ്വിനം 11
11th Aswina 1947

നമ്പർ
No.
3505

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം

വിജ്ഞാപനം

LR/1589/2025-LR(E2) **തീയതി : 27 സെപ്റ്റംബർ 2025**
തിരുവനന്തപുരം

2025 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഡി.പി.സി. (ലോവർ) വാർഷിക യോഗം 01/01/2025 ൽ ചേർന്ന് പ്രസ്തുത സെലക്ട് ലിസ്റ്റ് തയ്യാറാക്കി ആയത് 14/2/2024 ലെ 105-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം പ്രകാരം പ്രസിദ്ധീകരിച്ചു. ആയതിനു ശേഷം തുടർന്ന് വകുപ്പുതല സ്ഥാനക്കയറ്റ സമിതി(ലോവർ) മുമ്പാകെ വിവിധ ജീവനക്കാർ സമർപ്പിച്ച റിവ്യൂ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി 24/02/2025 ന് ഡി.പി.സി. (ലോവർ) റിവ്യൂ യോഗം ചേർന്ന് ആയതിന്റെ തീരുമാനം 05/3/2025 ലെ 834-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം പ്രകാരം പ്രസിദ്ധീകരിച്ചു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശ്രീ അനി ബി.പി., തഹസിൽദാർ/സീനിയർ സൂപ്രണ്ട് ഫയൽ ചെയ്ത ഒഎ 480/2024 നമ്പർ കേസിലെ ബഹു. കേരള അഡിമിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17/06/2025 ലെ ഉത്തരവ്, ശ്രീ. ലിജോ ജോസ് (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 6002) ഫയൽ ചെയ്ത ഒഎ(ഇകെഎം) 1151/2024 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12/08/2025 ലെ ഉത്തരവ്, ശ്രീ. ബൈജു സുധാകർ (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 5206)നെ 2021 ലെ സെലക്ട് ലിസ്റ്റിൽ താൽക്കാലികമായി ക്രമനം. 88 ബി ആയി ഉൾപ്പെടുത്തിയത് സ്ഥിരപ്പെടുത്തുക, ശ്രീ. സുബൈർ എം ഇ (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 5406) സർക്കാരിൽ സമർപ്പിച്ച അപേക്ഷ 21/03/2025 തീയതിയിലെ നമ്പർ സി 2/18/2025-റവ നമ്പർ സർക്കാർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ളതും, ആയതിൽ അപേക്ഷകനെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ No. 1479/Adv.C2/2014/P&ARD. dated 25/09/2014 അടിസ്ഥാനത്തിൽ ടിയാന്റെ യോഗ്യത പരിശോധിക്കുക, 2025 ലെ വാർഷിക ഡി പി സി (ലോവർ) ന് ശേഷം യോഗ്യത നേടിയ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) മുമ്പാകെ ശ്രീ. ഹാരിസ് ഇബ്രാഹിം (ഡി റ്റി / ജെ എസ് റാങ്ക് നം. 5670), (2) ശ്രീമതി സഫി വി ആർ (ഡി റ്റി / ജെ എസ് റാങ്ക് നം. 5786), (3). ശ്രീ രണകുമാർ കെ.ജി (ഡി റ്റി / ജെ എസ് റാങ്ക് നം. 6253) സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുക എന്നീ വിഷയങ്ങൾ 22/09/2025 ലെ യോഗം പരിഗണിച്ചു.

1) ശ്രീ. അനി ബി. പി ഫയൽ ചെയ്ത ഒഎ 480/2024 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26/07/2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരനെ 2018 ലെ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനിക്കുക എന്ന വിഷയം ചർച്ച ചെയ്തെടുത്ത തീരുമാനം ചുവടെ ചേർക്കുന്നു.

ശ്രീ. അനി ബി.പി. ഫയൽ ചെയ്ത ഒ.എ. 480/2024 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 14/03/2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ25/04/2024 ൽ ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേരുകയും KS&SSR Part II ule 28 (b)(i)(7) Note (ii), (v) എന്നിവയുടെ അടിസ്ഥാനത്തിൽ 21/06/2018 തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം ലഭിക്കണമെന്ന ടിയാന്റെ അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 15/06/2024 ലെ G.O.(Rt) No. 1404/2024/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷകന്റെ ആവശ്യം നിരസിക്കുകയും അപ്രകാരം ബഹു. ട്രിബ്യൂണൽ ഉത്തരവ് പാലിക്കുകയും ചെയ്തിരുന്നു.

എന്നാൽ ടി കേസ് 20/06/2024 ൽ ബഹു. ട്രിബ്യൂണൽ പരിഗണിക്കുകയും, സർക്കാരിന്റെ ടി ഉത്തരവ് തൃപ്തികരമല്ലെന്നും പരാതികക്ഷിയുടെ അപേക്ഷ പരിഗണിച്ച് ഒരു പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും നിർദേശിക്കുകയും ചെയ്തു. കൂടാതെ പ്രസ്തുത കേസിൽ 26/07/2024 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ, മുൻകാല പ്രാബല്യത്തോടെ അപേക്ഷകന് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ഒരു ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേരുന്നതിന് നിർദേശിച്ചു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ജീവനക്കാരനെ വകുപ്പ്തല നടപടിയിൽ പൂർണ്ണമായും കുറ്റ വിമുക്തനാക്കിക്കൊണ്ടല്ല നേരെ മറിച്ച് കുറ്റക്കാരനാണെന്ന് കണ്ടെത്തിക്കൊണ്ടും ആയത് ആവർത്തിക്കരുതെന്ന ശക്തമായ താക്കിതോടെയുമാണ് അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളത്. Note (ii) to Rule 28 (b)(i)(7) Part II of KS&SSR പ്രകാരം " If the Officers are not fully exonerated of the charges, the Departmental Promotion Committee may decide each case on its own merit. " എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ടി ജീവനക്കാരന്റെ യോഗ്യതയും കഴിവും (Merit & Ability) പരിശോധിച്ചാണ് ടി വിഷയത്തിൽ തീരുമാനമെടുക്കേണ്ടത്. പൊസഷൻ സർട്ടിഫിക്കറ്റ് നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ടാണ് ശ്രീ. അനി ബി.പി. യ്ക്കെതിരായി എസ്3-35792/2011 തീയതി 23/02/2016 നമ്പരായി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം ജില്ലാകളക്ടർ പുറപ്പെടുവിച്ച് അച്ചടക്കനടപടി ആരംഭിച്ചത്. ടി വിഷയത്തിൽ സർക്കാർ ബാദ്ധ്യതയുണ്ടോയെന്നും പൊന്നുംവില നടപടിയിലിരിക്കുന്നതാണോയെന്നും പരിശോധിക്കാതെ ബന്ധപ്പെട്ട വസ്തു തിരക്കിട്ട് പോക്ക് വരവ് ചെയ്ത് നൽകിയതിലും വില്ലേജിലെ രേഖകൾ പരിശോധിക്കാതെ വി.എഫ്.എ. യുടെ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം കൈവശ സർട്ടിഫിക്കറ്റും ലൊക്കേഷൻ സ്കെച്ചും നൽകിയ കാര്യത്തിലും കൃത്യവിലോപവും ചട്ടലംഘനവും നടത്തിയ ശ്രീ. അനി ബി.പി. യുടെ ഭാഗത്ത് വീഴ്ചകൾ സംഭവിച്ചിട്ടുള്ളതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിട്ടുള്ളതാണ്. അതായത് താക്കീത് നൽകിയാണ് ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കിയതെങ്കിലും ആയതിനാധാരമായ കുറ്റം ഗുരുതര സ്വഭാവത്തിലുള്ളതാണ്. അപ്രകാരം ടി ജീവനക്കാരനെതിരായ അച്ചടക്കനടപടിയിൽ ടിയാനെ പൂർണ്ണമായി കുറ്റവിമുക്തനാക്കാത്തതിനാലും ആയത് കഠിനശിക്ഷയ്ക്കുള്ള കുറ്റമായതിനാലും 2018 ലെ സെലക്ട് ലിസ്റ്റിൽ 53 എ എന്ന സ്ഥാനം നൽകുന്നതിന് ടിയാന് ആവശ്യമായ യോഗ്യതയും കഴിവും (Merit & Ability) ഇല്ലെന്ന് ഡി.പി.സി. (ലോവർ) കണ്ടെത്തി.

KS&SSR ചട്ടം 28 (ബി) (1) (7) യുടെ ചുവടെയുള്ള കുറിപ്പ് (ii) (iii) എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ. അനി. ബി. പി. ക്കെതിരെ ഉണ്ടായിരുന്ന അച്ചടക്കനടപടിക്ക് ആധാരമായ വിഷയം വസ്തുനിഷ്ഠമായി അപഗ്രഥിച്ച് വിശകലനം ചെയ്ത് പരിശോധിച്ചിട്ടുള്ളതാണ്. ശ്രീ. അനി. ബി. പി. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിലെ വില്ലേജാഫീസറായി ജോലി ചെയ്തു വരവേ സ്പെഷ്യൽ തഹസിൽദാർ എൽ എ നമ്പർ 1, കൊല്ലം ജില്ലാ ഓഫീസ് മുഖേന 2007 ൽ പ്രസിദ്ധീകരിച്ച 4 (1) നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ടതും പൊന്നും വില നടപടിയിൽ തുടർന്നിരുന്നതുമായ പരവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 33 റീസർവേ നമ്പർ 251/14 ൽ ഉൾപ്പെട്ടതുമായ 37.42ആർ സ്ഥലം വില്ലേജ് രേഖകൾ പരിശോധിക്കാതെയും സ്ഥലപരിശോധന നടത്താതെയും മങ്ങാട് വില്ലേജിൽ സംസം ഹൗസിൽ സലിം എന്നിവർക്ക് TR 595/07തീയതി 23/01/2008 പ്രകാരം പോക്കുവരവ് ചെയ്ത് നൽകുകയും ദേശസാൽകൃത ബാങ്കിൽ നിന്നും 40 ലക്ഷം രൂപ വായ്പ തരപ്പെടുത്തുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സ്ഥലപരിശോധന നടത്താതെ നൽകുകയും ചെയ്തു. 21/10/2008 ൽ രജിസ്റ്റർ ചെയ്ത ആധാരം 23/01/2008ൽ പോക്കുവരവ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്ത് ചട്ടലംഘനം നടത്തി. 4(1) നോട്ടിഫിക്കേഷൻ വില്ലേജ് ഓഫീസിൽ പ്രസിദ്ധീകരിക്കുന്നതിനായി യഥാസമയം ലഭിച്ചത് പരിശോധിക്കുകയോ, നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ട സർവ്വേ നമ്പരുകളുടെ വിവരം തണ്ടപ്പേർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നീ ആരോപണങ്ങളിൽ ടിയാനെതിരെ കൊല്ലം ജില്ലാ കലക്ടർ 23/10/2015തീയതിയായി കുറ്റപത്രവും കുറ്റാരോപണ പത്രികയും പുറപ്പെടുവിച്ച് അച്ചടക്ക നടപടി ആരംഭിച്ചിരുന്നതാണ്.

മേൽ പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്കനടപടി ജില്ലാ കളക്ടറുടെ 15/11/2018 തീയതിയിലെ എസ്3-35792/11 നമ്പർ നടപടിക്രമം പ്രകാരം സെൻഷ്വർ നൽകി തീർപ്പാക്കിയിട്ടുള്ളതാണ്. തുടർന്ന് ശ്രീ. സലിമിന്റെ പരാതിയിൽ വിശദമായി അന്വേഷണം നടത്തി യഥാർത്ഥ കുറ്റക്കാരെ കണ്ടെത്തി അവർക്കെതിരെ ക്രിമിനൽ കേസ് ചെയ്യേണ്ടതാണെന്ന് പരവൂർ സർക്കിൾ ഇൻസ്പെക്ടറോട് ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പരവൂർ വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീ അനി. ബി. പി. ക്കെതിരെ പരവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ CMP11660/11 നമ്പരായി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ആയത് 156(3) CrPCപ്രകാരം പരവൂർ പോലീസ് സ്റ്റേഷൻ ക്രൈം 1708/11 u/s 120(b),420, 426, 463, 34 IPCപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി കേസ് CMP 11660/2011നമ്പരായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും, ടി കേസ് CC 27/2015 നമ്പരായി പരവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ വിചാരണ നടപടി ആരഭിച്ചിട്ടുള്ളതുമായിരുന്നു.

വകുപ്പ്തല സ്ഥാനക്കയറ്റ സമിതി വിഷയം സഗൗരവം ചർച്ച ചെയ്തിട്ടുള്ളതും ശ്രീ അനി. ബി. പി. ക്കെതിരായ അച്ചടക്ക നടപടിക്ക് ആധാരമായ വിഷയം ഗൗരവകരം ആണെന്ന് യോഗം വിലയിരുത്തുകയും ചെയ്തു. G.O (P) 420/67/PDതീയതി 29/12/1967ൽ പബ്ലിക് (റൂൾസ്) വകുപ്പ് പുറപ്പെടുവിച്ച വകുപ്പ്തല സ്ഥാനക്കയറ്റ സമിതി ചട്ടങ്ങളിലെ ചട്ടം(6)ൽ ഏതെങ്കിലും ഒരു സംഗതിയിന്മേൽ അഭിപ്രായവ്യത്യാസം ഉണ്ടാകുകയാണെങ്കിൽ പ്രസ്തുത യോഗത്തിലെ ഭൂരിപക്ഷ അംഗങ്ങളുടെ അഭിപ്രായം നിലനിൽക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ കേസിൽ വകുപ്പ്തല സ്ഥാനക്കയറ്റ സമിതിയിൽ ഉൾപ്പെട്ട എല്ലാ അംഗങ്ങളും ടി കേസിന്റെ സ്വഭാവം ഗൗരവകരം ആണെന്ന് ഐക്യകണ്ഠേന വിലയിരുത്തുകയാണ് ഉണ്ടായത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 12ൽ വകുപ്പുതല സ്ഥാനക്കയറ്റ സമിതിയിലെ ശുപാർശകൾ കമ്മീഷന്റെ അംഗീകാരമുള്ള ശുപാർശ ആയി പരിഗണിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ആരോപണ വിധേയരായ ജീവനക്കാരെ പൂർണമായും കുറ്റവിമുക്തനാക്കിയില്ലെങ്കിൽ ഓരോ കേസും മെറിറ്റ് അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതാണെന്ന് KS&SSR Part IIചട്ടം 28 (b) (I) (7) ന് ചുവടെയുള്ള കുറിപ്പ് (ii) (iii) എന്നിവയുടെയും വകുപ്പുതല സ്ഥാനക്കയറ്റ സമിതി ചട്ടങ്ങൾ, ചട്ടം 8ന് ചുവടെയുള്ള കുറിപ്പ് (3) ലെ നിബന്ധനയുടെയും അടിസ്ഥാനത്തിൽ വകുപ്പുതല സ്ഥാനക്കയറ്റ സമിതിയിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടി കേസ് വസ്തുനിഷ്ഠമായി പരിശോധിച്ചതിൽ സ്ഥാനക്കയറ്റത്തിനായി ടി ചട്ടങ്ങളുടെ ആനുകൂല്യം ലഭിച്ചിട്ടുള്ളതായും എന്നാൽ മുൻകാല പ്രാബല്യത്തോടെ സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനം കരസ്ഥമാക്കുന്നതിന് ടിയാന്റെ ജൂനിയറിന് സ്ഥാനക്കയറ്റം ലഭിച്ച വേളയിൽ ടിയാനെതിരെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കഠിനശിക്ഷ പ്രകാരമുള്ള അച്ചടക്ക നടപടി നിലനിന്നിരുന്ന സാഹചര്യത്തിലും പ്രസ്തുത അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ പൂർണമായും കുറ്റ വിമുക്തനാക്കാത്ത സാഹചര്യത്തിലും അച്ചടക്ക നടപടിയ്ക്ക് ആധാരമായ വിഷയം പരിശോധിക്കുമ്പോൾ ആയത് അതീവ ഗൗരവകരമായി യോഗം വിലയിരുത്തുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ അനി ബി പി യ്ക്ക് 2018ലെ സെലക്ട് ലിസ്റ്റിൽ 53(എ) എന്ന സ്ഥാനം ലഭിക്കുന്നതിന് ഒരുതരത്തിലും അർഹത കൈവരുന്നില്ലെന്ന് കണ്ട് 2018ലെ സെലക്ട് ലിസ്റ്റിൽ 53 (എ) എന്ന സ്ഥാനത്തിൽ ഉൾപ്പെടുത്തണമെന്ന ടിയാന്റെ അപേക്ഷ നിരസിക്കുന്നതിനും 24/02/2025ലെ യോഗം ഐകകണ്ഠേന തീരുമാനിച്ചു.

CC 27/2015 നമ്പരായി പരവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ വിചാരണ പൂർത്തിയാക്കി ടി കേസിൽ ടിയാനെ കുറ്റക്കാരനല്ല എന്ന്കണ്ട് വെറുതെ വിട്ടിട്ടുളതുമാണ്. തുടർന്ന് ശ്രീ. അനി ബി.പി. ഫയൽ ചെയ്ത ഒ.എ. 480/2024 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 17/06/2025 ലെ ഉത്തരവിൽ ചുവടെ പറയും പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

i. It is declared that the applicant is entitled to be included at sl A No. 53A in Annexure A5 select list for promotion as Tahsildars for the year 2018.

ii. There shall be a direction to the respondents to include the applicant at sl. No 53 A in Annexure A5 select list and to revise the date of promotion of the applicant as the date on which sl.no. 54 in that select list was promoted and to grant him the consequential benefits;

iii. On the basis of such revised promotion of applicant and seniority based on that in the cadre of Tahsildar, there shall be a direction to consider the case of the applicant for promotion as Deputy Collector for the year 2024 for inclusion in Annexure A9 select list at si no. 32A after placing his case before a review DPC(Higher):

iv. There shall be a direction to the respondents to issue consequential orders antedating the promotion of applicant to the post of Tahsildar and Deputy Collector accordingly and to grant him all consequential direction within a period of 3 months in the date of receipt of copy of this order."

വകുപ്പ്തല സ്ഥാനക്കയറ്റ സമിതി ടി വിഷയം ചർച്ച ചെയ്തിട്ടുള്ളതും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 480/2024 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 17/06/2025 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ അനി ബി പി യെ 2018ലെ സെലക്ട് ലിസ്റ്റിൽ 53 (എ) എന്ന സ്ഥാനത്തിൽ ഉൾപ്പെടുത്താൻ യോഗം തീരുമാനിച്ചു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2018 ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് റാങ്ക് നമ്പർ	ഡെപ്യൂട്ടി തഹസിൽദാർ/ജെഎസ് തീയതി	ഡിആർബി	ജീവനക്കാരന്റെ പേര്	ജനനത്തീയതി	റിമാർക്സ്
53 എ	4886	01/12/12	KLM	അനി ബി.പി.	22/05/1973	

2) ശ്രീ. ബൈജു സുധാകർ (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 5206)നെ 2021 ലെ സെലക്ട് ലിസ്റ്റിൽ താൽക്കാലികമായി ക്രമനം. 88 ബി ആയി ഉൾപ്പെടുത്തിയത് സ്ഥിരപ്പെടുത്തുന്നതിനുള്ള തീരുമാനം എടുക്കുക എന്ന വിഷയം യോഗം ചർച്ച ചെയ്തു. എന്ന വിഷയത്തിലെടുത്ത തീരുമാനം ചുവടെ ചേർക്കുന്നു.

ശ്രീ. ബൈജു സുധാകർ - ന്റെ ഡി.റ്റി./ജെ.എസ്. തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിച്ചത് 27/05/2020 ലെ ഉത്തരവ് പ്രകാരമാണ്. ആയതിനാൽ 19/12/2019 ലെ ഡി.പി.സി. (ലോവർ) യോഗം 2020 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ആയതിൽ ടിയാനെ ഉൾപ്പെടുത്തിയിരുന്നില്ല. ടിയാനെതിരെ ശ്രീമതി. സിന്ധു പി. സമർപ്പിച്ച പരാതിയിൽ ഇരവിപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 134/18 നമ്പരായി ടിയാനെ പ്രതിയാക്കി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി -2 ൽ സി.സി. 1032/18 നമ്പരായി വിചാരണയ്ക്കെടുത്തിരുന്നതായി കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും, ടിയാനെതിരെ നിലവിലുള്ള കേസിന്റെ അന്തിമവിധിയ്ക്ക് വിധേയമായി ഉചിതനടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഈ കാര്യാലയത്തിൽ നിന്നും 19/03/2020-ലെ എൽആർഡി1-30420/19 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവായിരുന്നതുമാണ്. തന്നെ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നതിന് ടി കക്ഷി ഫയൽ ചെയ്ത ഒഎ 1937/20 എന്ന കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 03/12/2020ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30/12/2020 ൽ ചേർന്ന വകുപ്പ് സ്ഥാനക്കയറ്റ സമിതി യോഗം ടിയാന്റെ യോഗ്യത പരിശോധിച്ച ശേഷം, ടി ജീവനക്കാരനെതിരെ ക്രിമിനൽ കേസിൽ ചാർജ്ജ് ഷീറ്റ് നൽകി വിചാരണ ആരംഭിച്ചിട്ടുള്ളത് കണക്കിലെടുത്ത് ടിയാനെ 2021 – ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.

തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ടിയാൻ ഫയൽ ചെയ്ത ഒ.എ. 301/21 എന്ന കേസിൽ 05/02/2021 ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 28/06/2021 ൽ ചേർന്ന വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) അഡ്ഹോക് യോഗം ടിയാന്റെ യോഗ്യത പരിഗണിക്കുകയും, ശ്രീ. ബൈജു സുധാകർ - ന്റെ പേരിലുള്ള കുറ്റം കുടുംബപരമായ പ്രശ്നങ്ങൾ ആയതിനാലും, പ്രസ്തുത കേസും സർക്കാർ സേവനവും തമ്മിൽ ബന്ധപ്പെടുത്തേണ്ടതല്ലാത്തതിനാലും ടിയാനെതിരെ കഠിന ശിക്ഷ വ്യവസ്ഥപ്രകാരമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടപടികൾക്ക് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയോ, സെഷൻ കോടതിയോ അതിനു മുകളിലുള്ള കോടതിയോ ഗുരുതരമായ കുറ്റകൃത്യത്തിന് ചാർജ് ഷീറ്റ് ചെയ്യുകയോ ചെയ്തിട്ടില്ലാത്തതിനാലും ടിയാനെ താൽക്കാലികമായി ക്രമനം. 88 ബി പ്രകാരം 2021 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. (KSSR Rule 28(7)(i) പ്രകാരം). ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് 27/08/2021 ലെ എൽ.ആർ./232/2021-എൽആർ(ഇ2) നമ്പർ ഉത്തരവ് പ്രകാരം തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു.

ടിയാനെ പ്രൊവിഷണലായി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയത് പുനഃ പരിശോധിച്ച 01/01/2025ലെ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ), പ്രസ്തുത വിഷയത്തിൽ മുൻ സാഹചര്യത്തിൽ മാറ്റമില്ലാത്തതിനാൽ, പ്രൊവിഷണലായി ടിയാനെ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തിയത് തുടരുന്നതിന് തീരുമാനിച്ചിട്ടുള്ളതയിരുന്നു.

കൊല്ലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി -2 ൽ സി.സി. 1032/18 നമ്പരായി വിചാരണയിലിരുന്ന കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ Crl.M.C 10862/2024 ലെ 24/01/2025 തീയതിയിലെ വിധി പ്രകാരം ടി ക്രിമിനൽ കേസിലെ ഫൈനൽ റിപ്പോർട്ടും മറ്റ് തുടർനടപടികളും റദ്ദ് ചെയ്തിട്ടുള്ളതായി കാണുന്നു. ടിയാന്റെ പേരിൽ LRD വിഭാഗത്തിൽ വകുപ്പുതല നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലാത്തതുമാണ്.

ബഹു. കേരള ഹൈക്കോടതിയുടെ Crl. M.C 10862/2024 ലെ 24/01/2025 തീയതിയിലെ വിധിപ്പകർപ്പ് പ്രകാരം ടി ക്രിമിനൽ കേസിലെ ഫൈനൽ റിപ്പോർട്ടും മറ്റ് തുടർനടപടികളും റദ്ദ് ചെയ്തിട്ടുള്ളതായും ടിയാന്റെ പേരില് നിലവിൽവകുപ്പുതല നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലാത്തതിനാൽ ടിയാനെ 2021 ലെ സെലക്ട് ലിസ്റ്റിൽ 88 ബി എന്ന സ്ഥാനം നൽകി പ്രൊവിഷണലായി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയത് സ്ഥിരപ്പെടുത്തി നൽകാൻ ഡി.പി.സി. (ലോവർ) യോഗം തീരുമാനിച്ചു.

2021ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	**ഡെപ്യൂട്ടി തഹസിൽദാർ /ജെഎസ് റാങ്ക് നമ്പർ**	**ഡെപ്യൂട്ടി തഹസിൽദാർ /ജെഎസ് തീയതി**	**ഡിആർ ബി**	**ജീവനക്കാരന്റെ പേര്**	**ജനന ത്തീയതി**	**റിമാർക്സ്**
88 ബി	**5206**	**01/12/13**	**MLP**	**ബൈജു സുധാകർ**	**31/05/1969**	**2021-ലെ സെലക്ട് ലിസ്റ്റിൽ പ്രൊവിഷണലായി അനുവദിച്ച സ്ഥാനം സ്ഥിരപ്പെടുത്തി നൽകുന്നു**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3) ശ്രീ. ലിജോ ജോസ്. (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 6002) ഫയൽ ചെയ്ത ഒഎ(ഇകെഎം) 1151/2024 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12/08/2025 ലെ ഉത്തരവ് പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുക എന്ന വിഷയം യോഗം ചർച്ച ചെയ്തു എടുത്ത തീരുമാനം ചുവടെ ചേർക്കുന്നു.

ശ്രീ ലിജോ ജോസ് (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 6002) നെ 2025 ലെ വാർഷിക ഡി.പി.സി. (ലോവർ) ന്റെ സമയത്ത് സി.ആർ. സമർപ്പിക്കാത്തതിനാൽ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ടിയാൻ നിരീക്ഷണ കാലയളവിനുള്ളിൽ വിജയിക്കേണ്ട നിർബന്ധിത വകുപ്പുതല പരീക്ഷ (ക്രിമിനൽ ജുഡിഷ്യൽ പരീക്ഷ) സമയബന്ധിതമായി വിജയിക്കാത്തതിനാൽ 19/03/2025 ലെ സ. ഉ. (സാധാ) നം. 666/ 2025/ റവ. പ്രകാരം കെ.എസ്. & എസ്.എസ്.ആർ.പാർട്ട്-11 ചട്ടം 20 പ്രകാരവും കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ഡെപ്യൂട്ടി തഹസിൽദാർ) സ്പെഷ്യൽ റൂൾസിലെ റൂൾ 10 പ്രകാരവും, OA(EKM) 1151/2024 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളത്തിന്റെ അടിസ്ഥാനത്തിലും 29/03/2025 തീയ്യതിയിൽ മാത്രമാണ് ടിയാന്റെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. 22/05/2025 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ എ1 - 03/2025നമ്പർ കത്ത് പ്രകാരം ആണ് ടിയാൻ സി ആർ സമർപ്പിച്ചിട്ടുള്ളത്.

തുടർന്ന് ടി ജീവനക്കാരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ.(EKM) 1151/2024 നമ്പർ കേസിൽ MA(EKM) No. 734/2025 ഫയൽ ചെയ്തിട്ടുള്ളതും ആയത്തിലെ 12/08/2025 തീയതിയിലെ വിധിയിൽ ചുവടെ പറയും പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്

“The 2nd respondent(Land Revenue Commissioner) has filed an objection stating that two Vigilance Cases are pending against the applicant and therefore though the applicant's probation has been declared, he is not liable to be considered and promoted in the light of the provisions contained in Rule 28(b)(i) of KS&SSR. However, there shall be a direction to the 2nd respondent to consider and pass orders on Annexure A33 representation produced along with the MA(EKM) No. 734/2025 within a period of two months from the date of receipt of a copy of this order.”

ശ്രീ. ലിജോ ജോസ് ന് എതിരെ നിലവിലുള്ള വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

- **ഫയൽ നമ്പർ LR/14535/2022-LR(D2)**

ശ്രീ ലിജോ ജോസ്, ഒറ്റപ്പാലം -2 വില്ലേജ് ഓഫീസർ ആയിരിക്കവേ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ ഒറ്റപ്പാലം 2 വില്ലേജിൽ സർവ്വെ 71/7 ബി യിൽ ഉൾപ്പെട്ട സ്ഥലം സ്വകാര്യ വ്യക്തി വ്യാജ ആധാരം ചമച്ച് ഒറ്റപ്പാലം 2 വില്ലേജിൽ നിന്നും രേഖകൾ കരസ്ഥമാക്കിയതുമായി ബന്ധപ്പെട്ട് ടിയാനെതിരെ VC -01/2020/TSR നമ്പർ പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസിൽ വിജിലൻസ് വിചാരണ അനുമതി ആവശ്യപ്പെട്ടിട്ടുള്ളതും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിൻ പ്രകാരം 17/06/2025ന് വിചാരണാനുമതി നല്കിയിട്ടുള്ളതുമാണ്. ടി വിഷയത്തിൽ ടിയാനെതിരെ പാലക്കാട് ജില്ലാ കലക്ടർ ആരംഭിച്ച അച്ചടക്ക നടപടി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

- **ഫയൽ നമ്പർ LR/11110/2023-LR(D2)**

ഒറ്റപ്പാലം വില്ലേജ് ഓഫീസിലെ മുൻ വില്ലേജ് ഓഫീസർ ശ്രീ ലിജോ ജോസ് മുതൽപേർക്ക് എതിരായി വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നം. 675/2015 കേസിൻമേൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ VACB തൃശ്ശൂർ യൂണിറ്റ് അഴിമതി നിരോധനനിയമം 1988 ലെ 13(1) (ഡി) r/w 13(2) വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 468, 471,4 20, 120(ബി),3 4 വകുപ്പുകൾ പ്രകാരവും 07.07.2023 തിയതിയിൽ വി. സി.13/2023/ടി.എസ്.ആർ. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാണ്.

ടി ജീവനക്കാരൻ ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ സമയബന്ധിതമായി വിജയിക്കാത്തതിനാൽ 29/03/2025 തീയ്യതിയിൽ മാത്രമാണ് നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത് കാണുന്നു. കൂടാതെ ടി ജീവനക്കാരൻ 01/01/2025 ലെ വാർഷിക ഡി പി സി (ലോവർ) യോഗസമയത്ത് സി.ആർ. സമർപ്പിച്ചിട്ടില്ലാത്തതുമാകുന്നു. ഒ.എ.(EKM) 1151/2024 നമ്പർ കേസിൽ MA(EKM) No. 734/2025 കേസിന്മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 12/08/2025 ലെ ഉത്തരവ് പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ടിയാന്റെ യോഗ്യതയും കഴിവും (Merit & Ability) പരിശോധിക്കേണ്ടതായിട്ടുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാനെ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ടി വിഷയം പരിഗണിച്ചു.

ശ്രീ ലിജോ ജോസ് ന് എതിരെ രജിസ്റ്റർ ചെയ്തിരിക്കുന്ന ഒന്നാമത്തെ വിജിലൻസ് കേസിൽ (VC -01/2020/TSR) വിചാരണ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിലും, രണ്ടാമത്തെ വിജിലൻസ് കേസിൽ (വി. സി.13/2023/ടി.എസ്.ആർ.) അന്വേഷണം നടന്നു വരുന്ന സാഹചര്യത്തിലും Note (i) to Rule 28 (b)(i)(7) Part II of KS & SSR പ്രകാരം ടി ജീവനക്കാരന് യോഗ്യതയും കഴിവും (Merit & Ability) പരിശോധിച്ചത്തിൽ നിന്നും, ശ്രീ ലിജോ ജോസ് നെ 2025 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കുന്നു.

4) ശ്രീ. സുബൈർ എം ഇ (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 5406) സർക്കാരിൽ സമർപ്പിച്ച അപേക്ഷ 21/03/2025 തീയതിയിലെ നമ്പർ സി 2/18/2025-റവ നമ്പർ സർക്കാർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ളതും, ആയതിൽ അപേക്ഷകനെ ഉദ്യോസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ No. 1479/Adv.C2/2014/P&ARD. dated 25/09/2014 അടിസ്ഥാനത്തിൽ ടിയാന്റെ യോഗ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്ന വിഷയം യോഗം ചർച്ച ചെയ്തു എടുത്ത തീരുമാനം ചുവടെ ചേർക്കുന്നു.

ശ്രീ. സുബൈർ എം ഇ (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 5406) നെ 2025 ലെ വാർഷിക ഡി.പി.സി. (ലോവർ) ന്റെ സമയത്ത് അച്ചടക്ക നടപടി ഉണ്ട് എന്ന കാരണത്താൽ സെലക്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിസ്റ്റിൽ ഉൾപെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. തുടർന്ന് ടിയാൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷ 21/03/2025 തീയതിയിലെ സി 2/18/2025-റവ നമ്പർ സർക്കാർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ളതും, ആയതിൽ അപേക്ഷകനെ അടുത്തതായി ചേരുന്ന അഡ്ഹോക്ക് ഡി പി സി (ലോവർ) യോഗത്തിൽ ഉദ്യോസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/09/2014തീയതിയിലെ No. 1479/Adv.C2/2014/P&ARD. സർക്കുലറിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ യോഗ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

ശ്രീ. സുബൈർ എം ഇ യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു

- **ഫയൽ നമ്പർ (LR/8292/2021-LR(D6)) :-**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടത്തിപ്പിനായി സർക്കാർ അനുവദിച്ചിരുന്ന ഫണ്ട് ട്രഷറിയിൽ നിന്നും പണമായി മാറി കൈവശം വെച്ച് വ്യാജ ബില്ലുകളും, വൗച്ചറുകളും, രേഖകളും തയ്യാറാക്കി ടി പണം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചിലവഴിച്ചെന്ന് വരുത്തുന്നതിനായി ടി ബില്ലുകളും, വൗച്ചറുകളും, രേഖകളും അസൽ ആണെന്ന വ്യാജേന ഉപയോഗിച്ച് വഞ്ചന നടത്തി 01/09/2015 മുതൽ 14/07/2016 വരെയുള്ള കാലയളവിൽ ₹. 6,28,000/- രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തി അന്യായ സാമ്പത്തിക ലാഭം ഉണ്ടാക്കി സർക്കാരിന് നഷ്ടമുണ്ടാക്കി എന്ന ആരോപണങ്ങളിന്മേൽ ശ്രീ. സുബൈർ എം. ഇ മുതൽ പേർക്കെതിരായി VC 12/2021 നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. തുടർന്ന് വകുപ്പ് തല നടപടിയുടെ ഭാഗമായി KCS (CC&A)ചട്ടങ്ങളിലെ, ചട്ടം 11(1) V A പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുന്നതിന് സർക്കാരിൽ നിന്നും താൽകാലിക തീരുമാനമെടുത്തിട്ടുള്ളതും, പ്രസ്തുത തീരുമാനം അന്തിമമാക്കുന്നതിനായി 07/06/2023 ൽ ഡി ബി 1/63/2023/ റവ നമ്പർ പ്രകാരം സർക്കാരിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ശ്രീ.സുബൈർ.എം.ഇ എന്നവർക്കെതിരെ ആരംഭിച്ച വകുപ്പു തല നടപടി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ, ചട്ടം 11 (1)(iii) പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞും വകുപ്പുതല നടപടി 13/11/2024 തീയതിയിലെ സ.ഉ.(സാധാ)നം.2714/2024/RD നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

ശ്രീ.സുബൈർ എം. ഇ. യ്ക്ക് എതിരെ ആരംഭിച്ച വകുപ്പു തല നടപടി ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞും 13/11/2024 തീയതിയിലെ സ.ഉ.(സാധാ)നം.2714/2024/RD നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളതിനാൽ ടിയാൻ നിലവിൽ കറൻസി പിരീഡിൽ ആണ്. കൂടാതെ ₹. 6,28,000/- രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തി അന്യായ സാമ്പത്തിക ലാഭം ഉണ്ടാക്കി സർക്കാരിന് നഷ്ടമുണ്ടാക്കി എന്ന ആരോപണങ്ങളിന്മേൽ VC 12/2021 നമ്പർ വിജിലൻസ് കേസ് തീർപ്പാക്കിയിട്ടില്ലാത്തതിനാലും ശ്രീ.സുബൈർ എം. ഇ - യുടെ യോഗ്യതയും കഴിവും (Merit & Ability) പരിശോധിച്ച ശേഷം, ശ്രീ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സുബൈർ എം. ഇ -യെ 2025 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

5) 2025 ലെ വാർഷിക ഡി പി സി (ലോവർ) ന് ശേഷം യോഗ്യത നേടിയ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) മുമ്പാകെ ചുവടെ പറയുന്ന ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുക എന്ന വിഷയം യോഗം ചർച്ച ചെയ്തു എടുത്ത തീരുമാനം ചുവടെ ചേർക്കുന്നു.

1. ശ്രീ. ഹാരിസ് ഇബ്രാഹിം (ഡി റ്റി / ജെ എസ് റാങ്ക് നം. 5670)

ശ്രീ ഹാരിസ് ഇബ്രാഹിം (ഡി റ്റി / ജെ എസ് റാങ്ക് നം. 5670) നെ 2025 ലെ വാർഷിക ഡി.പി.സി. (ലോവർ) ന്റെ സമയത്ത് സി.ആർ. സമർപ്പിക്കാത്തതിനാൽ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ടിയാൻ നിരീക്ഷണ കാലയളവിനുള്ളിൽ വിജയിക്കേണ്ട നിർബന്ധിത വകുപ്പുതല പരീക്ഷ (ക്രിമിനൽ ജുഡിഷ്യൽ പരീക്ഷ) സമയബന്ധിതമായി വിജയിക്കാത്തതിനാൽ 23/01/2025 ലെ സ. ഉ. (സാധാ) നം. 190/ 2025/ റവ. പ്രകാരം കെ.എസ്. & എസ്.എസ്.ആർ.പാർട്ട്-11 ചട്ടം 20 പ്രകാരവും കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ഡെപ്യൂട്ടി തഹസിൽദാർ) സ്പെഷ്യൽ റൂൾസിലെ റൂൾ 10 പ്രകാരവും ടി തസ്തികയിലെ നിരീക്ഷണകാലം 06/02/2025 തീയ്യതിയിൽ മാത്രമാണ് പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. 16/08/2025 തീയതിയിലെ ഇടുക്കി ജില്ലാ കളക്ടറുടെ DCIDK/4723/2025-SS2നമ്പർ കത്ത് പ്രകാരം ആണ് ടിയാൻ സി ആർ സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. ഹാരിസ് ഇബ്രാഹിം ന് എതിരെയുള്ള അച്ചടക്ക നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- **ഫയൽ നമ്പർ LR/7501/2021-LR(D6)**

കുമളി കാർഡമം സെറ്റിൽമെന്റ് ഓഫീസിൽ ശ്രീ. ഹാരിസ് ഇബ്രാഹിം ഡെപ്യൂട്ടി തഹസിൽദാർ ആയി ജോലി ചെയ്തിരുന്ന കാലഘട്ടത്തിൽ സി.എച്ച്.ആർ മേഖലയിൽ അനധികൃതമായി ഭൂമി കൈവശപ്പെടുത്തി ഏലം കൃഷി ചെയ്തിരുന്ന കൈവശക്കാരനെതിരെ എൽ.സി നടപടികൾ സ്വീകരിക്കുകയും ഫൈൻ അടപ്പിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലാ കളക്ടർ ആരംഭിച്ച അച്ചടക്ക നടപടി 31/10/2021 ലെ DCIDK/3740/2020/SS2 നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയതിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ 19/12/2022 ലെ LR/7501/2021-LR(D6) നമ്പർ നടപടിക്രമ പ്രകാരം 1960 ലെ KCS (CC&A)ചട്ടങ്ങളിലെ, ചട്ടം 15 ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പൂർണമായും പാലിച്ച് ടി കേസ് തീർപ്പ് കൽപ്പിക്കുന്നതിനായി അച്ചടക്ക അധികാരിയായ ജില്ലാ കളക്ടർക്ക് റിമാൻഡ് ചെയ്തു കൊണ്ട് ഉത്തരവായിരുന്നു. ആയതിൻ പ്രകാരം ഇടുക്കി ജില്ലാ കളക്ടർ 27/02/2024 ലെ DCIDK/3740/2020-SS2 നമ്പർ നടപടിക്രമപ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയാൻ കൈക്കൊണ്ട താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ടി ഉത്തരവിന് എതിരായി ടിയാൻ അപ്പീൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത്തിന്മേൽ ഖണ്ഡിക തിരിച്ചുള്ള മറുപടി ലഭ്യമാക്കാൻ ഇടുക്കി ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

- **ഫയൽ നമ്പർ LR/3903/2021/LR(D7)**

ശ്രീ. ഹാരിസ് ഇബ്രാഹിം കണ്ണൂർ ജില്ലയിൽ അയ്യൻകുന്ന് വില്ലേജ് ഓഫീസറായിരിക്കെ, റീന മെറ്റൽസ്, ശാന്തി ഗ്രാനൈറ്റ്സ് എന്നീ സ്ഥാപനങ്ങൾ കേരള ഭൂപരിഷ്ക്കരണ നിയമത്തിന് വിരുദ്ധമായി അധിക ഭൂമി കൈവശം വച്ചിരുന്ന വിവരം മേലുദ്യോഗസ്ഥരെ അറിയിക്കുന്നതിനും, മിച്ചഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് ശിപാർശ ചെയ്യുന്നതിനും വീഴ്ച്ച വരുത്തിയതിനാൽ ശ്രീ ഹാരിസ് ഇബ്രാഹിമിനെതിരെ കുറ്റപത്രം/കുറ്റാരോപണപത്രിക എന്നിവ പുറപ്പെടുവിച്ച് സർക്കാരിൽ നിന്നും അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതും അച്ചടക്ക നടപടിയിൽ ഔപചാരിക അന്വേഷണ റിപ്പോർട്ട്, ആയതിൻമേൽ ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക, കാരണം കാണിക്കൽ നോട്ടീസിൻമേൽ സമർപ്പിച്ച പ്രതിവാദ പത്രിക എന്നിവ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കി 24.09.2024 തീയതിയിലെ സ.ഉ(സാധാ) നം.2288/2024/RD നമ്പർ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടിയാൻ സർക്കാരിലേക്ക് അപ്പീൽ ഹർജി ഫയൽ ചെയ്തിരുന്നതും ആയത് സർക്കാർ തള്ളി തീർപ്പാക്കിയിട്ടുള്ളതുമാണ്. ആയതിന് എതിരെ ശ്രീ ഹാരീസ് ഇബ്രാഹീം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 1309/2025 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും, കേസ് തുടർന്നു വരുന്നതുമാണ്.

ശ്രീ. ഹാരിസ് ഇബ്രാഹിം ന് എതിരെ ആരംഭിച്ച വകുപ്പു തല നടപടികളിൽ ഒന്നിൽ ഇടുക്കി ജില്ലാ കളക്ടർ 27/02/2024 ലെ DCIDK/3740/2020-SS2 നമ്പർ നടപടിക്രമപ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞിട്ടുള്ളതിനാലും, രണ്ടാമത്തെ അച്ചടക്ക നടപടിയിൽ24/09/2024 തീയതിയിലെ സ.ഉ(സാധാ) നം.2288/2024/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിട്ടുള്ളതിന്നാലും, ടിയാൻ നിലവിൽ കറൻസി പിരീഡിൽ ആയതിനാൽ ശ്രീ. ഹാരിസ് ഇബ്രാഹിം -ന്റെ യോഗ്യതയും കഴിവും (Merit & Ability) പരിശോധിച്ച ശേഷം, ശ്രീ. ഹാരിസ് ഇബ്രാഹിം നെ 2025 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

(2) ശ്രീമതി സഫി വി ആർ (ഡി റ്റി / ജെ എസ് റാങ്ക് നം. 5786)

ശ്രീമതി സഫി വി ആർ (ഡി റ്റി / ജെ എസ് റാങ്ക് നം. 5786) നെ 2025 ലെ വാർഷിക ഡി.പി.സി. (ലോവർ) ന്റെ സമയത്ത് സി.ആർ. സമർപ്പിക്കാത്തതിനാൽ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. കെ.എസ്. & എസ്.എസ്.ആർ.പാർട്ട്-II ചട്ടം 20 പ്രകാരവും കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ഡെപ്യൂട്ടി തഹസിൽദാർ) സ്പെഷ്യൽ റൂൾസ് 1980, ചട്ടം-10നു വിധേയമായിട്ടാണ് ശ്രീമതി സഫി വി ആർ, ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ടിന്റെ ടി തസ്തികയിലെ നിരീക്ഷണകാലം 10/02/2025 തീയ്യതിയിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

31/05/2025 തീയതിയിലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ DCTVM/11301/2024-S12നമ്പർ കത്ത് പ്രകാരം ആണ് ടി ജീവനക്കാരി സി ആർ സമർപ്പിച്ചിട്ടുള്ളത്.

ശ്രീമതി സഫി വി ആർ ന് എതിരെയുള്ള അച്ചടക്ക നടപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- **ഫയൽ നമ്പർ LR/2459/2021-LR(D1)**

കൊല്ലം ജില്ലയിലെ ദേശീയ ജലപാത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് IWAI ഫണ്ടിൽ നിന്നും തെറ്റായി തുക പിൻവലിച്ചു സർക്കാരിന് നഷ്ടം വരുത്തിയത് സംബന്ധിച്ച് വി.സി 04/18/KLM നം. കേസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ദേശീയ ജലപാത നമ്പർ 3 ന് വേണ്ടി പൊന്നും വില പ്രകാരം ഭൂമി ഏറ്റെടുത്തതിന് ശ്രീ വിജയൻ, കളീലഴികത്ത് വീട്, ചവറ എന്നയാൾക്ക് 72143 നമ്പർ ഡി ഫാം ചെക്ക് പ്രകാരം ₹.9,14,630/-, കൊല്ലം എൽ എ തഹസീൽദാരുടെ കാര്യാലയത്തില് നിന്നും നൽകിയിരുന്നതായും എന്നാൽ ഇപ്രകാരം ഒരു കക്ഷിയില് നിന്നും ഭൂമി ഏറ്റെടുത്തിട്ടില്ലെന്നും, ആകയാൽ ടി തുക തിരികെ ദേശീയ ജലപാത അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് 11/05/2015 തീയതിയായി ദേശീയ ജലപാത ഡയറക്ടർ കത്ത് നൽകിയതിനെത്തുടർന്ന് കൊല്ലം ജില്ലാ കളക്ടർ അന്വേഷണം നടത്തിയതില് ശ്രീ വിജയന്, കളീലഴികത്ത് വീട് എന്ന കക്ഷിയെ കണ്ടെത്തുന്നതിനു സാധിച്ചിട്ടില്ലാത്തതും, ഇതു സംബന്ധിച്ച് ടി ചെക്ക് ഒപ്പു വച്ച തഹസീൽദാർക്കോ, ക്ലാർക്കായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി സഫി വി ആർ എന്നവർക്കോ വ്യക്തമായ വിശദീകരണം നൽകുവാന് കഴിഞ്ഞില്ലെന്നുമുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തില് ടി വിഷയത്തില് കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം 2508/16 U/s 409,419,420&34 IPC കേസ് രജിസ്റ്റർ ചെയ്യുകയും, ലാൻഡ് റവന്യൂ കമ്മീഷണറുടെ 31/01/2017 ലെ എല് ആര് ഡി1/32185/16 നം കത്തിന്റെ അടിസ്ഥാനത്തിൽ വി സി 01/17/KLM നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തില് പ്രഥമ ദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ ശ്രീമതി സഫി വി ആർ -ന് ലാൻഡ് റവന്യൂ കമ്മീഷണർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകി വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിരുന്നതാണ്.

പണാപഹരണം നടത്തിയ തുക (₹.9,14,630/-) ശ്രീമതി സഫി വി ആർ -ൽ നിന്നും ഈടാക്കുന്നതിനും ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുമുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് 19/07/2018 തീയതിയായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതും, തുടർന്ന് ശ്രീമതി സഫി വി ആർ ബഹുഃ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1769/2018 നമ്പർ കേസിലെ 25/09/2018 തീയതിയിലെ ഇടക്കാല ഉത്തരവിൽ ശ്രീമതി വി ആർ -ൽ നിന്നും വിശദീകരണം ലഭിച്ച ശേഷം, വിജിലൻസ് കേസ് നടപടി നിലവിലുള്ളതിനാൽ ആയത് തീർപ്പാകുന്നതുവരെ വകുപ്പുതല നടപടികൾ നിർത്തി വയ്ക്കണോ എന്നതു സംബന്ധിച്ച് രണ്ടാം എതിർ കക്ഷിയായ ലാൻഡ് റവന്യൂ കമ്മീഷണർ തീരുമാനമെടുക്കുന്നതിനും ഒന്നാം എതിർകക്ഷിയായ ബഹുഃ റവന്യൂ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രിൻസിപ്പൽ സെക്രട്ടറി ടിയാളെ നേരിൽ കേട്ട് തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ചിരുന്നതാണ്.VE 1/17/KLM (VC 04/18/KLM) നമ്പർ വിജിലൻസ് കേസിലെ അന്വേഷണത്തിന്റെ ഭാഗമായി സൂചന ഉത്തരവ് പ്രകാരം ശ്രീമതി സഫി വി ആർ -നെ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നതാണ്.

ശ്രീമതി സഫി വി ആർ നിയമവിരുദ്ധമായും, വഞ്ചനാപരമായും, ചതിയിലൂടെയും ₹.9,14,630/- പൊതുഖജനാവിന് നഷ്ടം വരുത്തിയിട്ടുള്ളതാണെന്നും, പൊതുജന താൽപര്യത്തിനു വിരുദ്ധമായി പ്രവർത്തിച്ചതിനാല് അഴിമതി നിരോധന നിയമത്തിന്റെ സെക്ഷന് 13(1) (d) r/w 13(2) of PC Act 1988 പ്രകാരവും, ഇൻഡ്യന് ശിക്ഷാ നിയമത്തിന്റെ 420,468,201,477(A)&471 വകുപ്പുകൾ പ്രകാരവും കുറ്റം ചെയ്തതായി വി.സി 4/2018 നം കേസിലെ സാക്ഷിമൊഴികളിൽ നിന്നും അന്വേഷണ രേഖകളില് നിന്നും വ്യക്തമാണെന്നും, ആകയാൽ ശ്രീമതി സഫിയ്ക്കെതിരെ പ്രോസിക്യൂഷന് അനുമതി നൽകണമെന്നും പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 16/08/2021 തീയതിയായി ആവശ്യപ്പെട്ടിരുന്നതും തുടർന്ന് 26/10/2021 തീയതിയായി ലാൻഡ് റവന്യൂ കമ്മീഷണർ പ്രോസിക്യൂഷൻ അനുമതി നൽകി ഉത്തരവായിരുന്നതുമാണ്.

ശ്രീമതി സഫി വി ആർ ന് എതിരെ രജിസ്റ്റർ ചെയ്തിരിക്കുന്ന വിജിലൻസ് കേസിൽ (VE 1/17/KLM (VC 04/18/KLM) വിചാരണ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിലും, പണാപഹരണം നടത്തിയ തുക ശ്രീമതി സഫിയിൽ നിന്നും ഈടാക്കുന്നതിനും ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുമുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിരിക്കുന്ന സാഹചര്യത്തിലും Note (i) to Rule 28 (b)(i)(7) Part II of KS & SSR പ്രകാരം ടി ജീവനക്കാരിക്ക് യോഗ്യതയും കഴിവും (Merit & Ability) പരിശോധിച്ചത്തിൽ നിന്നും, 2025 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ശ്രീമതി സഫി വി ആർ നെ ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

(3). ശ്രീ രണകുമാർ കെ.ജി (ഡി റ്റി / ജെ എസ് റാങ്ക് നം. 6253)

ശ്രീ രണകുമാർ കെ. ജി (ഡി റ്റി / ജെ എസ് റാങ്ക് നം. 6253) യെ 2025 ലെ വാർഷിക ഡി.പി.സി. (ലോവർ) ന്റെ സമയത്ത് സി.ആർ. സമർപ്പിക്കാത്തതിനാൽ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ടിയാൻ നിരീക്ഷണ കാലയളവിനുള്ളിൽ വിജയിക്കേണ്ട നിർബന്ധിത വകുപ്പുതല പരീക്ഷ (ക്രിമിനൽ ജുഡിഷ്യൽ പരീക്ഷ) സമയബന്ധിതമായി വിജയിക്കാത്തതിനാൽ നിരീക്ഷണ കാലയളവ് 8 മാസത്തേയ്ക്കു കൂടി നീണ്ടു പോകുകയും, ആ കാലയളവിനുള്ളിൽ (13.03.2021 മുതൽ 17/11/2021 വരെ) ടിയാനെ 14/06/2021 ൽ സർവ്വീസില് നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. സസ്പെൻഷൻ കാലയളവ് (14/06/2021 മുതൽ 03/11/2021 വരെ) ഒഴിവാക്കാതെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള ശുപാർശ തെറ്റായ രീതിയിൽ സമർപ്പിച്ചതിനാൽ ആയതിൽ വ്യക്തത വരുത്തി നല്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ കളക്ടർ 07/02/2025 തീയതിയിലെ DCWYD/3398/2021-S1നമ്പർ കത്ത് പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യക്തതവരുത്തി ശുപാർശ നല്കിയിട്ടുള്ളതിനാൽ കെ.എസ്. & എസ്.എസ്.ആർ.പാർട്ട്-11 ചട്ടം 21 പ്രകാരവും കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് (ഡെപ്യൂട്ടി തഹസിൽദാർ) സ്പെഷ്യൽ റൂൾസിലെ റൂൾ 10 പ്രകാരവും ശ്രീ. രണകുമാർ കെ. ജി, ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ടിന്റെ ടി തസ്തികയിലെ നിരീക്ഷണകാലം 18/03/2025 തീയ്യതിയിൽ മാത്രമാണ് പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. 28/07/2025 തീയതിയിലെ വയനാട് ജില്ലാ കളക്ടറുടെ DCWYD„859/2022-S1നമ്പർ കത്ത് പ്രകാരം ആണ് ടിയാൻ സി ആർ സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. രണകുമാർ കെ. ജി യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു

- **ഫയൽ നമ്പർ LR/1265/2021-LR(D2)**

വയനാട് ജില്ലയിലെ, വൈത്തിരി താലൂക്ക് ഓഫീസിൽ നിന്നും കെ.എൽ.ആർ ആക്ടിന്റെ പരിധിയിൽ വരുന്ന ഭൂമി സംബന്ധിച്ച് ക്രമവിരുദ്ധമായി സാക്ഷ്യപത്രങ്ങൾ അനുവദിച്ചതുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യത്തിനെതിരെ ശ്രീ രണകുമാർ കെ ജി, ഡെപ്യൂട്ടി തഹസിൽദാർക്കെതിരെ വയനാട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയിട്ടുള്ളതും, ടിയാന്റെ സസ്പെൻഷൻ കാലയളവ് അർഹമായ അവധിയായി പരിഗണിച്ചും, ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്തയിൽ നിജപ്പെടുത്തിയും ക്രമീകരിച്ച് 06/02/2025 തിയതിയിൽ വയനാട് ജില്ലാ കലക്ടർ DCWYD/3398/2021-S1 നമ്പർ പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

ശ്രീ.രണകുമാർ കെ. ജി യ്ക്ക് എതിരെ ആരംഭിച്ച വകുപ്പു തല നടപടി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ട പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയിട്ടുള്ളതും 06/02/2025 തിയതിയിൽ വയനാട് ജില്ലാ കലക്ടർ DCWYD/3398/2021-S1 നമ്പർ പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ടിയാൻ നിലവിൽ കറൻസി പിരീഡിൽ ആയതിൽ ശ്രീ.രണകുമാർ കെ. ജി - യുടെ യോഗ്യതയും കഴിവും (Merit & Ability) പരിശോധിച്ച ശേഷം, 2025 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്ന് ശ്രീ.രണകുമാർ കെ. ജി യെ ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

ജീവൻ ബാബു കെ. ഐ.എ.എസ്.
കൺവീനർ,
വകുപ്പുതല സ്ഥാനക്കയറ്റ സമിതി(ലോവർ) &
കമ്മീഷണർ, ലാൻഡ് റവന്യൂ വകുപ്പ്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.03 08:11:19 +05:30